# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.12.2024** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1) കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി കൂടിയാലോചന നടത്തി.

**Prime Minister Narendra Modi held consultations with leading economists in New Delhi ahead of the Union Budget.**

2) ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ പഠിക്കാൻ രൂപീകരിച്ച സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം അടുത്ത മാസം നടക്കും

**The first meeting of the Joint Parliamentary Committee formed to study the bills related to One Nation One Election will be held next month.**

3) പരാതിക്കാർക്ക് പ്രയോജനം ചെയ്യുന്നതിനായി എല്ലാ ക്രിമിനൽ കേസുകൾക്കും യഥാസമയം വിവരങ്ങൾ കൈമാറണമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

**Union Home Minister Amit Shah wants information to be shared in all criminal cases in a timely manner to benefit the complainants.**

4) സുരക്ഷിതവും സുതാര്യമായ വിപണി പ്രദാനം ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി,

**Union Minister Pralhad Joshi said that the government is committed to providing a safe and transparent market.**

5) **കേരളത്തിലെ ആദ്യ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മിൽമ മലപ്പുറം ഡയറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**

**Chief Minister Pinarayi Vijayan inaugurated Kerala's first milk powder manufacturing factory and Milma Malappuram Dairy.**

6) **സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരള-തമിഴ് നാട് മത്സരം സമനിലയിൽ. ഇന്ത്യക്കെതിരായ രണ്ടാം വനിതാ ഏകദിനത്തിൽ വെസ്റ്റിൻഡീസിന് 359 റൺസ് വിജയലക്ഷ്യം.**

**Kerala-Tamil Nadu match in Santosh Trophy football tied. West Indies set a target of 359 runs to win in the second women's ODI against India.**

## REV PM - ECONOMIST

കേന്ദ്ര ബജറ്റിന് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ നിതി ആയോഗ് ആസ്ഥാനത്ത് പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി കൂടിയാലോചന നടത്തി. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ, നീതി ആയോഗ് സിഇഒ ബിവിആർ സുബ്രഹ്മണ്യം, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഈ മാസം 6 നാണു പ്രീ-ബജറ്റ് കൂടിയാലോചനകൾ ആരംഭിച്ചത്. സംസ്ഥാന ധനമന്ത്രിമാർ, കർഷക സംഘടനകൾ, സാമ്പത്തിക വിദഗ്ധർ എന്നിവരുമായി കേന്ദ്ര ധനമന്ത്രി കൂടിയാലോചന നടത്തി. 2025-26 വർഷത്തെ ബജറ്റ് ഫെബ്രുവരി ഒന്നിന് ലോക്സഭയിൽ അവതരിപ്പിക്കും.

## JPC-ONE NATION ONE ELECTION

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബില്ലുകൾ വിശദമായി പഠിക്കാൻ രൂപീകരിച്ച സംയുക്ത പാർലമെൻ്ററി സമിതിയുടെ ആദ്യ യോഗം അടുത്ത മാസം എട്ടിന് നടക്കും. 39 അംഗ സമിതിയിൽ ലോക്സഭയിൽ നിന്ന് 27 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 12 അംഗങ്ങളുമാണുള്ളത്. അടുത്ത പാർലമെൻ്റ് സമ്മേളനത്തിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും.

# EVE JOSHI - CONSUMER DAY (INTRO)

സുരക്ഷിതവും സുതാര്യവും വിശ്വാസയോഗ്യവുമായ വിപണി പ്രദാനം ചെയ്യാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രി പ്രൾഹാദ് ജോഷി. ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഡിജിറ്റൽ മേഖലയിലെ ന്യായമല്ലാത്ത വ്യാപാര രീതികൾ സർക്കാർ നിരീക്ഷിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

സുരക്ഷിതമല്ലാത്ത URL കളെ കുറിച്ച് ഉപഭോക്താവിനു മുന്നറിയിപ്പ് നൽകുന്ന ജാഗോ ഗ്രഹക് ജാഗോ ആപ്പ്, ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ജാഗൃതി ആപ്പ്, ജാഗ്രതി ഡാഷ്ബോർഡ് എന്നിവയും ചടങ്ങിൽ ശ്രീ. ജോഷി പുറത്തിറക്കി.

# VP - TELANGANA

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ മുതൽ രണ്ടു ദിവസത്തെ തെലങ്കാന സന്ദർശനം നടത്തും. തെലങ്കാനയിലെ ടുണിക്കിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടക്കുന്ന പ്രകൃതി, ജൈവ കർഷക ഉച്ചകോടിയിൽ അദ്ദേഹം മുഖ്യാധ്യക്ഷനാകും.

# PM - MADHYA PRADESH

മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പെയുടെ 100 -ാാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മധ്യപ്രദേശ് സന്ദർശിക്കും. ഖജ്റാവോയിൽ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. അടൽ ബിഹാരി വാജ്പെയുടെ 100 -ാാം ജന്മവാർഷിക സ്മാരക സ്റ്റാമ്പും നാണയവും ശ്രീ മോദി പുറത്തിറക്കും.

# SHAH-REVIEW MEETING NCRB

രാജ്യത്ത് മൂന്ന് പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്

ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ അവലോകന യോഗം ചേർന്നു. ഇൻ്ററ്‍-ഓപ്പറബിൾ ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം 2.0 യുടെ കീഴിലുള്ള പുതിയ ക്രിമിനൽ നിയമങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ NCRB യോട് ശ്രീ ഷാ ആവശ്യപ്പെട്ടു. പരാതിക്കാർക്ക് പ്രയോജനം ചെയ്യുന്നതിനായി എല്ലാ ക്രിമിനൽ കേസുകൾക്കും രജിസ്ട്രേഷൻ മുതൽ കേസ് തീർപ്പാക്കുന്നത് വരെ സമയാസമയം മുന്നറിയിപ്പുകൾ നൽകണമെന്നും ആഭ്യന്തരമന്ത്രി പറഞ്ഞു.

# JAISHANKAR VISIT

വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കർ ആറ് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അമേരിക്കയിൽ എത്തും. സന്ദർശന വേളയിൽ ഉഭയകക്ഷി, പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. അമേരിക്കയിലെ ഇന്ത്യൻ കോൺസൽ ജനറൽമാരുടെ സമ്മേളനത്തിലും വിദേശകാര്യ മന്ത്രി അധ്യക്ഷനാകും.

# XMAS

സ്നേഹത്തിൻറെയും സമാധാനത്തിൻറെയും സന്ദേശവുമായി തിരുപ്പിറവി ആഘോഷങ്ങൾക്ക് ഒരുങ്ങി ലോകമെമ്പാടുമുള്ള ക്രൈസ്തവ വിശ്വാസികൾ. ദേവാലയങ്ങളിൽ ഇന്ന് രാത്രി നടക്കുന്ന പ്രത്യേക പാതിരാ കുർബാന യോടെയാണ് ക്രിസ്തുമസ് ആഘോഷങ്ങളിലേക്ക് കടക്കുക. ക്രിസ്മസ്, പുതുവർഷ ആഘോഷങ്ങളുടെ ഭാഗമായി ടൂറിസം വകുപ്പ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന വസന്തോത്സവത്തിന് നാളെ തുടക്കമാകും.

# PM-CHRISTMAS

നിസ്വാർഥ സേവനത്തിൻറെ മാർഗമാണ് യേശുക്രിസ്തു കാണിച്ചു തന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ ആശയം തന്നെയാണ് സബ് കാ സാത്, സബ് കാ വികാസ്, സബ് കാ പ്രയാസ് എന്നതിലൂടെ കേന്ദ്ര സർക്കാർ മുന്നോട്ടു വയ്ക്കുന്നതെന്നും ശ്രീ. മോദി പറഞ്ഞു. കാത്തലിക് ബിഷപ്സ് കോൺഫറൻസ് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്)

## CHRISTMAS GREETINGS

കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, നിയമസഭാ സ്പീക്കർ എ. എൻ ഷംസീർ തുടങ്ങിയവർ ലോകമെമ്പാടുമുള്ള കേരളീയർക്ക് ക്രിസ്മസ് ആശംസ നേർന്നു. യേശു ക്രിസ്തുവിൻ്റെ ജന്മദിനം മാനവികതയുടേയും സ്നേഹത്തിൻ്റേയും സന്ദേശങ്ങളാൽ മുഖരിതമാകട്ടെ എന്ന് മുഖ്യമന്ത്രി പറഞ്ഞു.

## DUBAI-CHRISTMAS CELEBRATIONS

ദുബായിൽ ക്രിസ്മസ് ആഘോഷങ്ങൾക് തുടക്കമായി. അൽ സീഫ്, വാഫി സിറ്റി എന്നിവിടങ്ങളിലാണ് പ്രധാന ആഘോഷങ്ങൾ നടക്കുന്നത്. വാഫി സിറ്റിയിലെ 52 അടി ഉയരമുള്ള ക്രിസ്മസ് ട്രീയും സൂഖ് മദീനത്ത് ജുമൈറയിലെ അവധിക്കാല വിപണിയും പ്രധാന ആകർഷണങ്ങളാണ്.

## MILMA - CM

മലപ്പുറം ജില്ലയിലെ മൂർക്കനാട്ട് സ്ഥാപിച്ച കേരളത്തിലെ ആദ്യ പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മിൽമ ഡയറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ ക്ഷീര മേഖലയുടെ ഉത്പാദന ക്ഷമത ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ക്ഷീരോത്പാദന മേഖലയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കാനുള്ള നിരന്തര ശ്രമമാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

## FOOT BALL -SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ് ബിയിലെ അവസാന റൗണ്ടിൽ കേരളവും തമിഴ്നാടും തമ്മിലുള്ള മത്സരം സമനിലയിൽ. നിശ്ചിത സമയത്ത് ഇരു ടീമുകളും ഓരോ ഗോൾ വീതം നേടി. ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായ കേരളം ക്വാർട്ടർ ഫൈനലിൽ വെള്ളിയാഴ്ച കാശ്മീരിനെ നേരിടും.

## CRICKET

ഇന്ത്യക്കെതിരെ വഡോദരയിൽ നടക്കുന്ന രണ്ടാം വനിതാ ഏകദിന മത്സരത്തിൽ വെസ്റ്റിൻഡീസിന് 359 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 50 ഓവറിൽ 5 വിക്കറ്റിന് 358 റൺസെടുത്തു. ഇന്ത്യക്കു വേണ്ടി ഹർലിൻ ഡിയോൾ സെഞ്ച്വറി നേടി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ വെസ്റ്റിൻഡീസ് 21 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 99 റൺസെടുത്തിട്ടുണ്ട്.

## SHYAM BENEGAL-CREMATION

പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗലിന്റെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ദാദറിലെ ശിവാജി പാർക്ക് ശ്മശാനത്തിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. ശ്യാം ബെനഗലിന്റെ ഭാര്യ നിറയ്ക്കും മകൾ പിയയ്ക്കും ഒപ്പം ചലച്ചിത്ര ലോകത്തെ നിരവധി പ്രമുഖർ അന്തിമോപചാരം അർപ്പിക്കാനെത്തി. പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. വൃക്കരോഗത്തെത്തുടർന്ന് ഇന്നലെ വൈകുന്നേരം മുംബൈയിലെ ആശുപത്രിയിലാണ് ബെനഗൽ അന്തരിച്ചത്.

## SHAH - AGRICULTURE COOPERATIVE

പുതുതായി സ്ഥാപിതമായ പതിനായിരത്തിലധികം വിവിധോദ്ദേശ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഡയറി, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ

ന്യൂഡൽഹിയിൽ രാജ്യത്തിന് സമർപ്പിക്കും. പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങൾക്കുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ, മൈക്രോ എടിഎമ്മുകൾ എന്നിവയും സഹകരണ സംഘങ്ങളുടെ ദേശീയ സമ്മേളനത്തിൽ അദ്ദേഹം വിതരണം ചെയ്യും.

## ASHWINI VAISHNAW, SMARTPHONES

നടപ്പുസാമ്പത്തിക വർഷത്തിന്റെ ആദ്യ എട്ട് മാസത്തിനുള്ളിൽ രാജ്യത്തെ സ്മാർട്ട്ഫോണുകളുടെ കയറ്റുമതി മൂല്യം ഒരു ലക്ഷം കോടി രൂപ കടന്നതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ, പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെൻ്റീവ് പദ്ധതി രാജ്യത്തെ സ്മാർട്ട്ഫോൺ കയറ്റുമതി 45 ശതമാനം വളർച്ചയിലേക്ക് നയിച്ചതായി സമൂഹ മാധ്യമ പോസ്റ്റിൽ ശ്രീ വൈഷ്ണവ് പറഞ്ഞു. നടപ്പു സാമ്പത്തിക വർഷം സ്മാർട്ട്ഫോണുകളുടെ കയറ്റുമതി ഒരു ലക്ഷത്തി 70,000 കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. സ്മാർട്ട്ഫോൺ മേഖലയിലെ PLI സ്കീം മൂന്ന് ലക്ഷത്തിലധികം പേർക്ക് നേരിട്ടും ആറ് ലക്ഷം പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## CENTRE GRANTS - UP & AP

ഉത്തർപ്രദേശിനും ആന്ധ്രാപ്രദേശിനും ഗ്രാമവികസനത്തിനായി രണ്ടായിരം കോടിയോളം രൂപയുടെ 15-ാം ധനകാര്യ കമ്മിഷൻ ഗ്രാൻ്റുകൾ കേന്ദ്രസർക്കാർ അനുവദിച്ചു. ഉത്തർപ്രദേശിന് ആയിരത്തി 598 കോടി രൂപയും ആന്ധ്രാപ്രദേശിന് 446 കോടി രൂപയും അനുവദിച്ചതായി പഞ്ചായത്ത് രാജ് മന്ത്രാലയം അറിയിച്ചു.